# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**2012-13 ലെ ബഡ്ജറ്റിലെ നടപ്പിലാക്കാത്ത റവന്യൂ വകുപ്പിന്റെ പദ്ധതികൾ**

1097 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട റവന്യൂ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൗരാവകാശരേഖ</u>

1098 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൗരാവകാശരേഖ പുറത്തിറക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഏതൊക്കെ സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനുളളിൽ അപേക്ഷകർക്ക് നൽകേണ്ടിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സർട്ടിഫിക്കറ്റിനും കോർട്ട് ഫീസ്റ്റാമ്പോ മറ്റെന്തെങ്കിലും ഫീസോ നിശ്ചയിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സംവിധാനത്തിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്നും എങ്കിൽ പകരം സംവിധാനത്തിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) പുതിയ സംവിധാനത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് എന്തു സമയം എടുക്കുമെന്നും എത്ര തുക ചെലവാകുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിൽ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ</u>

1099 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട റവന്യൂ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾക്ക് ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് എന്നും ഓരോന്നിന്റെയും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാ മോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി

1100 ശ്രീ. ബെന്നി ബെഹനാൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' സണ്ണി ജോസഫ്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് വില്ലേജുകൾ</u>

1101 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളുടെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി സ്മാർട്ട് വില്ലേജുകളായി മാറ്റുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>താലൂക്ക് ആസ്ഥാനങ്ങളായി മാറുന്ന ബ്ലോക്ക് പഞ്ചായത്തുകൾ</u>

1102 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനങ്ങളാവാൻ നിർദ്ദേശിച്ച എത്ര സ്ഥലങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണ്;

(സി) നിർദ്ധിഷ്ട താലൂക്കുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെ സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ അഭിപ്രായം ഇക്കാര്യത്തിൽ കണക്കിലെടുക്കുമോ;

(ഇ) സബ് താലൂക്കായ കുന്ദമംഗലം, താലൂക്കായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(എഫ്) വിഭജനത്തിന് ശേഷവും കോഴിക്കോട് താലൂക്കിലെ ജനസംഖ്യ പത്ത് ലക്ഷത്തിലധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1103 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ;

(ബി) താലൂക്ക് പുന:സംഘടനയുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും കമ്മീഷനുകളെ നിയോഗിച്ചിരുന്നുവോ ;

(സി) എങ്കിൽ ഈ കമ്മീഷനുകൾ ശുപാർശ ചെയ്ത താലൂക്കുകൾ ഏതൊക്കെയാണെന്നറിയിക്കുമോ ;

(ഡി) പുതിയ താലൂക്ക് പ്രഖ്യാപനത്തിൽ പ്രസ്തുത കമ്മീഷനുകളുടെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ്</u>

1104 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനുവേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസിയാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

1105 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; ഇനി എത്ര വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ ബാക്കിയുണ്ട്;

(ബി) വില്ലേജ് രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഭൂമിയുടെ കരം അടയ്ക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ വില്ലേജ് റിക്കോഡിലും വേണ്ട മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; പോക്കുവരവു ചെയ്യുന്നതിനുള്ള കാലാവധി ഒരു മാസം എന്നത് രണ്ടാഴ്ചയായി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ ഉള്ള വില്ലേജ് ഓഫീസുകൾ

1106 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയീൽ ആകെ എത്ര വില്ലേജ് ഓഫീസുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വില്ലേജ് ഓഫീസുകൾക്കെല്ലാം സ്വന്തമായി പ്രവർത്തനയോഗ്യമായ കെട്ടിടങ്ങൾ ഉേോയെന്ന് അറിയിക്കാമോ;

(സി) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ഓഫീസുകൾ ഏതൊക്കെയാണ് എന്നറിയിക്കുമോ;

(ഡി) അവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അന്യായമായ സ്ഥലംമാറ്റങ്ങൾ</u>

1107 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അന്യായമായ സ്ഥലം മാറ്റങ്ങൾ നടക്കുന്നുവെന്നു കാണിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ജീവനക്കാരുടെ വിവിധ സംഘടനകൾ ഇതിനെതിരെ എത്ര സമരങ്ങളും ധർണ്ണകളും നടത്തിയെന്ന് അറിയിക്കുമോ; ഈ സ്ഥലംമാറ്റങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് കുറ്റക്കാരായവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ;

(സി) വിവിധ സമര സമിതികൾ ഈ അന്യായമായ സ്ഥലം മാറ്റങ്ങൾക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്ന ധർണ്ണകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) അന്യായമായ ഈ സ്ഥലംമാറ്റങ്ങളിലൂടെ താഴേത്തട്ടിലുള്ള ജീവനക്കാരുടെ പോലും ജീവിതം ദുസ്സഹമാക്കി ഓഫീസ് അന്തരീക്ഷത്തെത്തന്നെ താറുമാറാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സര്‍വ്വേയും ഭൂരേഖയും വകുപ്പില്‍ തസ്തിക വെട്ടിച്ചുരുക്കല്‍</u>

1108 ശ്രീ. എം. ചന്ദ്രന്‍
,, എസ്. രാജേന്ദ്രന്‍
,, എസ്. ശര്‍മ്മ
,, കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വേയും ഭൂരേഖയും വകുപ്പില്‍ തസ്തികകള്‍ വീണ്ടും വെട്ടിച്ചുരുക്കാന്‍ ഉദ്ദേശമുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി വകുപ്പിലെ സ്റ്റാഫ് ഘടന സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ എന്നും റിപ്പോര്‍ട്ടിലെ പ്രധാന നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണ് എന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഭൂമി കയ്യേറ്റം വ്യാപകമായ സാഹചര്യത്തില്‍ റീസര്‍വ്വേ പ്രവര്‍ത്തനങ്ങള്‍ പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തില്‍ വകുപ്പിലെ ജീവനക്കാരെ പൂര്‍ണ്ണമായും പ്രയോജനപ്പെടുത്തി സര്‍വ്വേ നടപടികള്‍ പുനരാരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം</u>

1109 ശ്രീ.സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർ മുതൽ ഡെപ്യൂട്ടി കളക്ടർ വരെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അർഹതപ്പെട്ടവർക്ക് പ്രമോഷൻ നൽകി നികത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ ഉണ്ടാകുമോ;

(സി) ജനങ്ങളുമായി വളരെ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയിൽ റവന്യൂ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രം വഴി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്റെ അപാകതകൾ</u>

1110 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വിവിധ സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം വഴി നൽകുമ്പോൾ അവയിൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്താനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ വില്ലേജ് ആഫീസുകളിൽ നിന്ന് ലഭിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ പോലും അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലഭിക്കാൻ രണ്ടിൽ കൂടുതൽ ദിവസങ്ങളുടെ താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓൺലൈൻ സംവിധാനത്തോടൊപ്പം വില്ലേജ് ആഫീസിൽ നിന്നും നേരിട്ടും സർട്ടിഫിക്കറ്റുകൾ നൽകാൻ നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയകേന്ദ്രങ്ങളിലെ കാര്യക്ഷമതയും

1111 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെയുള്ള സേവനങ്ങൾ അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതിലെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർട്ടിഫിക്കറ്റുകളും സേവനങ്ങളും പലതവണ അക്ഷയ കേന്ദ്രങ്ങളിൽ കയറിയിറങ്ങി പലതരത്തിൽ പണം മുടക്കി കൈപ്പറ്റേണ്ടിവരുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്ഷയകേന്ദ്രങ്ങളിലെ ക്രമക്കേടുകളും നെറ്റ് കണക്ഷൻ തകരാറുകളും ജനങ്ങളെ വല്ലാതെ വലയ്ക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഈ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ഡി) ജനങ്ങളുടെ ആവശ്യങ്ങൾ നേരിടാൻ എന്തു നടപടി സ്വീകരിക്കുമെന്ന് പറയാമോ;

(ഇ) അധിക ആവശ്യത്തിന് ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിച്ച് വില്ലേജ് ഓഫീസുകളിൽ തന്നെ കമ്പ്യൂട്ടർ സംവിധാനമുള്ള ഫ്രണ്ട് ഓഫീസുകൾ ആരംഭിച്ച് സർക്കാരിലേയ്ക്ക് ഈ വരുമാനം ലഭിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കൊടകര വില്ലേജിൽ അംഗനവാടിയ്ക്ക് സ്ഥലം

1112 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടകര വില്ലേജ് സർവ്വേ 916/3-ൽ ബോട്ട് ഇൻ ലാന്റായി പ്രഖ്യാപിച്ച ഭൂമിയിൽ നിന്നും 5 സെന്റ് സ്ഥലം അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി കൈമാറാമെന്ന കൊടകര പഞ്ചായത്തിന്റെ അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

മണൽ വാരുന്നതിനുള്ള നിരോധനം

1113 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ വാരുന്നതിനുള്ള നിയന്ത്രണ നിയമം വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത രീതിയാലാണ് നടപ്പാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്നതിനാൽ മലപ്പുറം ജില്ലയിൽ മണലെടുപ്പ് നിരോധിച്ചെങ്കിലും തൊട്ടടുത്ത് കോഴിക്കോട് ജില്ലയിൽ നിർബാധം മണലെടുപ്പ് തുടരുന്ന കാര്യം അറിവുണ്ടോ; കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടും സംസ്ഥാനത്ത് വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത നിയമം നടപ്പിലാക്കുന്ന ഈ സ്ഥിതി ഒഴിവാക്കുമോ;

(സി) മണൽ വാരുന്നതിനുള്ള നിയന്ത്രണം സംസ്ഥാനത്ത് എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നേമത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

1114 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ മരാമത്തു പണികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>കേന്ദ്രത്തിന്റെ വരൾച്ചാസഹായം</u>

1115 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വരൾച്ച സംസ്ഥാനമായി സർക്കാർ പ്രഖ്യാപിച്ച കേരളത്തിന് കേന്ദ്രം അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി സംസ്ഥാനം പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

1116 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ച മൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷികരംഗത്ത് വരൾച്ചയുണ്ടാക്കിയ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>വരൾച്ച മൂലം ഉണ്ടായ നഷ്ടം</u>

1117 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച മൂലം ഉണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന സർക്കാർ ദുരിതാശ്വാസത്തിനായി ആവശ്യപ്പെട്ട നഷ്ടപരിഹാര തുക എത്ര കോടിയായിരുന്നു എന്ന് വിശദമാക്കാമോ;

(സി) കേന്ദ്രത്തിൽ നിന്നും ഇതിനകം എത്ര തുക ലഭിക്കുകയുണ്ടായി എന്നും അത് ആവശ്യപ്പെട്ടതിന്റെ എത്ര ശതമാനമാണെന്നും അറിയിക്കുമോ;

(ഡി) സംസ്ഥാനത്തുണ്ടായ നഷ്ടം എതെല്ലാം മേഖലയിൽ ആണെന്നും എന്ത് തുക വീതം ആയിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ഇ) നഷ്ടപരിഹാരം ലഭിക്കാൻ ഏറ്റവും ഒടുവിൽ സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ</u>

1118 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായി ഈ വർഷം ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എന്തു തുകയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തത മൂലം ടെണ്ടർ നടപടികളിലേക്ക് കടക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ</u>

1119 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘിച്ച എത്ര തോട്ടങ്ങളാണ് ഉള്ളത്; അവ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കരാർ ലംഘിച്ചതിന്റെ പേരിൽ ഇവ ഏറ്റെടുക്കുവാൻ നടപടി ആരംഭിച്ചിരുന്നുവോ; എങ്കിൽ എന്നാണ് നടപടി ആരംഭിച്ചത്;

(സി) ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കൊയിലാണ്ടിയിലെ പട്ടയത്തിനുള്ള അപേക്ഷകള്‍

1120 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തില്‍ പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിന് സമര്‍പ്പിച്ചിട്ടുള്ള അപേക്ഷകളില്‍ നാളിതുവരെ അനുവദിക്കാത്ത അപേക്ഷകള്‍ എത്ര എന്നത് വ്യക്തമാക്കാമോ;

(ബി) തീര്‍പ്പ് കല്‍പ്പിച്ചിട്ടില്ലാത്ത അപേക്ഷകളുടെ വിശദ വിവരം പട്ടിക സഹിതം ലഭ്യമാക്കുമോ;

(സി) അപേക്ഷകള്‍ തീര്‍പ്പാകാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ബൈപാസ്, അഴീക്കൽകടവ് പാലം നിർമ്മാണം എന്നിവയ്ക്ക് സ്ഥലമെടുക്കൽ</u>

1121 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപാസ് നിർമ്മാണം, അഴീക്കൽകടവ് പാലം നിർമ്മാണം എന്നിവയ്ക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് പ്രൊപ്പോസലുകൾ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഓരോന്നും എന്നാണ് റവന്യൂ വകുപ്പിനു ലഭിച്ചത് എന്നും ഓരോന്നിലും റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>കശുമാവ് കൃഷിത്തോട്ടങ്ങൾ</u>

1122 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപരിധി നിശ്ചയിക്കാതെ കശുമാവ് കൃഷിയെ തോട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പതിനഞ്ച് ഏക്കറിലധികമുള്ള ഭൂമിയെ മിച്ചഭൂമിയുടെ പരിധിയിൽപ്പെടുത്തി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിക്കുന്നതിന് യോഗ്യമായ തോട്ടങ്ങൾക്കുള്ള കാലപരിധി ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാലപരിധി നിശ്ചയിക്കാതെ കശുമാവ് കൃഷിയെ തോട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ നടപടി സംസ്ഥാനത്ത് മിച്ച ഭൂമിയില്ലാത്ത സ്ഥിതിയുണ്ടാകും വിധം ആകുമെന്നും അതുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തണമെന്നും ലാൻഡ് ബോർഡ് ശുപാർശയുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ ശുപാർശയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ ആദിവാസി ഭൂമി</u>

1123 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയാർ പഞ്ചായത്തുകളുടെ ഭൂവിസ്തൃതി എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഭൂമിയാണ് ആദിവാസി ജനവിഭാഗങ്ങളുടെ കൈവശമുള്ളത് എന്നും ഈ മുഴുവൻ ഭൂമിയും സബ്ഡിവിഷൻ തിരിച്ച് പോക്കുവരവ് ചെയ്തു നൽകിയിട്ടുണ്ടോയെന്നും എത്ര പേരുടെ കൈവശമാണ് ഈ ഭൂമി എന്നും വെളിപ്പെടുത്തുമോ;

(സി) ആദിവാസി ഇതര ജന വിഭാഗങ്ങളുടെ കൈവശം എത്ര ഭൂമിയാണ് ഉള്ളതെന്നും എത്ര പേരുടെ കൈവശമാണ് ഈ ഭൂമിയെന്നും വിശദമാക്കുമോ;

(ഡി) ആദിവാസികളുടെ കൈവശമുള്ള ഭൂമി ക്രയ വിക്രയം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ എത്ര ആദിവാസികളുടെ ഭൂമി മറ്റുള്ളവർ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം ക്രയവിക്രയം ചെയ്തിട്ടുള്ളത് എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വികസന പദ്ധതികൾക്കായി മലപ്പുറം ജില്ലയിൽ സ്ഥലം ഏറ്റെടുക്കൽ</u>

1124 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ നടക്കുന്ന റവന്യൂ വകുപ്പിന്റെ കീഴിലുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് എന്തെല്ലാം പാക്കേജുകളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏറ്റെടുക്കുന്ന ഭൂമിയുടെയും മറ്റും വില നൽകുന്നതിന് എത്ര കാലമെടുക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കൊല്ലങ്കോട്ട് ഫയർ സ്റ്റേഷനുവേണ്ടി ഭൂമി</u>

1125 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്ട് പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനായി കൊല്ലങ്കോട്ട് സബ് - ട്രഷറി വളപ്പിൽ നിന്നും 50 സെന്റ് സ്ഥലം അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്ന നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ

1126 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) സ്ഥലം അളന്ന് തിട്ടപ്പെടുത്തി, വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറാനുള്ള നടപടി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ചേവായൂരിലെ തണ്ണീർതടങ്ങൾ</u>

1127 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കോട്ടൂളി, വേങ്ങേരി, ചേവായൂർ വില്ലേജ് പരിധിയിൽ സർക്കാറിന്റെയും, സ്വകാര്യ വ്യക്തികളുടെയും അധീനതയിൽ എത്ര ഏക്കർ തണ്ണീർ തടങ്ങൾ ഉണ്ടെന്ന് സർവ്വെ നമ്പർ സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ സ്കെച്ച് ഹാജരാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്

1128 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഇപ്പോൾ എത്ര തുക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് കഴിഞ്ഞ വർഷം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് താലൂക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വൈത്തിരി താലൂക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും എസ്റ്റിമേറ്റും എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്</u>

1129 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ഇത് വരെ എത്ര രൂപയാണ് സ്വരൂപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എത്ര പ്രവൃത്തികൾക്കാണ് ചിലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിലെ പ്രവൃത്തികള്‍</u>

1130 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും കുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും കോഴിക്കോട് ജില്ലയില ഏതെല്ലാം പ്രവര്‍ത്തികള്‍ക്കാണ് ഭരണാനുമതി നല്‍കിയിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ സമിതി അംഗീകരിച്ച സംസ്ഥാന സമിതിയുടെ പരിഗണനയില്‍ ഇരിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രവര്‍ത്തികള്‍ക്ക് അനുമതി നല്‍കാനുളള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സമിതി ഏറ്റവും അവസാനം യോഗം ചേര്‍ന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സമിതി കൂടാത്തത് ഭരണാനുമതി നല്‍കുന്നതിന് കാലവിളംബം വരുത്തുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ ഭരണാനുമതി നല്‍കുന്നതിന് സത്വര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

നേമത്തെ റോഡുകളുടെ നിർമ്മാണ പുരോഗതി

1131 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കുന്ന തിരുമല വാർഡിലെ ലക്ഷ്മി നഗർ റോഡ്, പുന്നക്കാമുകൾ വാർഡിലെ പ്ലാവിള- കോട്ടുക്കോണം റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിൽ കാലതാമസമുണ്ടാകുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ</u>

1132 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയതും ഇപ്പോൾ പുരോഗതിയിലുള്ളതുമായ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സ്കൂളിന്റെ ഭൂമിയിൽ നിന്നും പൊതുവഴിക്ക് സ്ഥലം

1133 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ ആഴകം ഗവ. യു.പി. സ്കൂളിന്റെ സ്ഥലത്ത് നിന്നും പൊതുവഴിക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള അനുവാദത്തിനായുള്ള ഫയലിൽ (31392/A3/2010/റവന്യൂ) ലാന്റ് റവന്യു കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>അതിവേഗ റെയിൽപാതയ്ക്കായി സ്ഥലമെടുക്കുന്നത്</u>
<u>സംബന്ധിച്ച നടപടികൾ</u>

1134 ശ്രീ. കെ. ദാസൻ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിവേഗ റെയിൽപാതയ്ക്കായി സ്ഥലമെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും നിർദ്ദിഷ്ട പാതയുടെ റൂട്ടിന് അന്തിമരൂപം ആയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പദ്ധതിക്കായി എത്ര ഭൂമി വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത്രയും ഭൂമി ഏറ്റെടുക്കുന്നതിൽ എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരും എന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാലയങ്ങളും ആരാധനാലയങ്ങളും ഉൾപ്പെടെ എത്ര സ്ഥാപനങ്ങളെ ഈ സ്ഥലമെടുപ്പ് ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച സർക്കാരേതര ഏജൻസികൾ കണക്കെടുപ്പ് നടത്തിയിട്ടുള്ളതായി അറിയാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പാട്ടവ്യവസ്ഥയിൽ നൽകുന്ന ഭൂമി</u>

1135 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടവ്യവസ്ഥയിൽ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പരമാവധി എത്ര വർഷത്തേക്ക് നൽകാൻ നിയമം നിഷ്കർഷിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പാട്ടത്തിന് ഭൂമി നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഓരോ ഉദ്യോഗസ്ഥനും നൽകാൻ കഴിയുന്ന ഭൂമിയുടെ അളവ് എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഈ വ്യവസ്ഥ പ്രകാരം കൈമാറുന്ന പാട്ടഭൂമിയിൽ ഏത് തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പാട്ടകുടിശ്ശിക വരുത്തുന്നവർക്കും വ്യവസ്ഥയ്ക്ക് വിരുദ്ധമായി നിർമ്മാണപ്രവർത്തനം നടത്തുന്നവർക്കും എതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(ഇ) പാട്ടത്തിന് ഭൂമി ലഭിച്ചയാളുടെ കാലശേഷം ഈ ഭൂമിയിലുള്ള അവകാശം അനന്തരാവകാശികൾക്ക് ലഭിക്കുമോ എന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ കൈമാറാൻ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമത്തിന്റെ പ്രസക്തഭാഗവും ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

അനധികൃതമായി കൈവശപ്പെടുത്തിയ പ്ലാന്റേഷൻ ഭൂമി തിരിച്ചെടുക്കാൻ നടപടി

1136 ശ്രീ. എൻ. ഷംസുദ്ദീൻ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' സി. മോയിൻകുട്ടി
'' പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക പ്ലാന്റേഷൻ ഭൂമി അനധികൃതമായും വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിട്ടുള്ളത് കണ്ടെത്തി തിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ നടപടികളുടെ ഭാഗമായി ഹാരിസൺ പ്ലാന്റേഷൻസിൽ നിന്നും ഏറ്റെടുത്ത ഭൂമി വിട്ടുനൽകാൻ കോടതി ഉത്തരവു വന്നിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ ഉത്തരവു വരാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) ഈ ഉത്തരവ് റദ്ദാക്കിക്കിട്ടാനും, ഭാവിയിൽ സമാന കേസുകളിൽ പൊതു താല്പര്യം സംരക്ഷിക്കപ്പെടാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍ കമ്പനിയുടെ ഉടമസ്ഥാവകാശം</u>

1137 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍ കമ്പനിയുടെ ഉടമസ്ഥന്‍ ആര്‍.പി. ഗോയങ്ക മരിച്ചതിനാല്‍ ഉടമസ്ഥാവകാശം പിന്‍മുറക്കാര്‍ക്ക് നഷ്ടപ്പെട്ടുവെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഉടമസ്ഥാവകാശം മടക്കിനല്‍കാന്‍ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ</u>

1138 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
'' സി. പി. മുഹമ്മദ്
'' ടി. എൻ. പ്രതാപൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റീസർവ്വേ ആരംഭിച്ച വില്ലേജുകളുടെ റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറുന്നത്</u>

1139 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ ആരംഭിച്ച വില്ലേജുകളുടെ റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഭൂമിയുടെ റീസർവ്വേ പൂർത്തിയാക്കുന്നതിന് നടപടി

1140 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൂർത്തിയായിട്ടില്ലാത്ത വില്ലേജുകളിൽ, കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) അതിർത്തി നിർണ്ണയിച്ച് കിട്ടുന്നതിനായി സർവ്വേ ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് എന്ന് പറയാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) റീസർവ്വേ നടത്തിയതും അല്ലാത്തുമായ ഭൂമി ഒരേസമയം തിട്ടപ്പെടുത്തേണ്ടി വരുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സർവ്വേയർമാരുടെ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഭൂഹരിതരുടെ എണ്ണം</u>

1141 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ ഭൂരഹിതരുടെ എണ്ണം എത്രയെന്നു ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2013 ജനുവരി ഒന്നിന് ശേഷം ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനായുള്ള എത്ര അപേക്ഷകൾ ഓരോ ജില്ലയിലും ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ എത്ര പേർക്ക് ഓരോ ജില്ലയിലും ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

‘ഭൂരഹിതരില്ലാത്ത കേരളം’ പദ്ധതി

1142 ശ്രീ. ഇ.പി. ജയരാജൻ
'' സി. കെ. സദാശിവൻ
'' കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ഭൂരഹിതരില്ലാത്ത കേരളം’ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും ഭൂരഹിതർക്ക് ഭൂമി ലഭിക്കുന്നതിനു വേണ്ടി നടന്ന സമരത്തെ തുടർന്ന് സർക്കാർ സമരക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്നും അവ നടപ്പാക്കുകയുണ്ടായോ എന്നും അറിയിക്കുമോ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിനായി എത്ര ഭൂമി വേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതേവരെ ആകെ എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ട് എന്നും അതിൽ എത്ര ഭൂമി ഏറ്റെടുക്കാൻ സാധിച്ചു എന്നും അറിയിക്കാമോ;

(ഡി) ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വിതരണത്തിന് അനുയോജ്യമായവ എത്രയാണെന്ന് അറിയിക്കാമോ;

(ഇ) ഈ സാഹചര്യത്തിൽ 2013 ഓഗസ്റ്റിൽ എല്ലാ ഭൂരഹിതർക്കും ഭൂമി നൽകും എന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ
കഴിയുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിലെ ഭൂരഹിതർ</u>

1143 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇവർക്ക് നൽകുന്നതിനായി എത്ര ഭൂമി വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിൽ ഭൂമി പതിച്ചു നൽകുന്നതിന് ലഭ്യമായ അപേക്ഷകൾ**

1144 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികൾക്കും ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കുമായും ഭൂമി പതിച്ചു നൽകുന്നതിന് വേണ്ടി അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാമാണെന്നും എത്രയൊക്കെ ഭൂമിക്ക് വേണ്ടിയാണെന്നും വിശദമാക്കാമോ;

(സി) അപേക്ഷ നൽകിയ ട്രസ്റ്റിന്റേയും സ്ഥാപനത്തിന്റേയും ഭാരവാഹികളാരാണെന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ ഫയലും ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഭൂപരിഷ്കരണ നിയമ ഭേദഗതി</u>

1145 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) തോട്ടങ്ങൾ മറ്റാവശ്യങ്ങൾക്ക് അനുവദിക്കാൻ പ്രസ്തുത ഭേദഗതിയിൽ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തോട്ടങ്ങൾ എന്ത് ആവശ്യങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി</u>

1146 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഓരോ ജില്ലയിലും എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും എത്ര പേർക്ക് വീതം ഭൂമി നൽകുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കു മോ ;

(സി) ഭൂരഹിതരായ ബാക്കി അപേക്ഷകർക്കു നൽകുവാൻ എത്ര ഭൂമി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ</u>

1147 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന ഭൂസമരത്തിനോടനുബന്ധിച്ച് ഉണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഭൂരഹിതരായ എത്രപേർ ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(സി) ഇതിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലുള്ള എത്ര അപേക്ഷകരുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായി സർക്കാരിന്റെ കണക്കനുസരിച്ച് എത്ര പേരാണുള്ളതെന്നും അതിൽ പട്ടികജാതി -വർഗ്ഗ വിഭാഗക്കാർ എത്രപേരുണ്ടെന്നും ജില്ല തിരിച്ച് പറയാമോ;

(ഇ) സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവനാളുകൾക്കും ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഭൂരഹിതരായ എല്ലാവർക്കും ഭൂമി ലഭിക്കുന്ന വിധം അപേക്ഷകൾ സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതരുടെ എണ്ണം</u>

1148 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയിട്ടുള്ളത്;

(ഡി) ഈ വർഷം എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇതിനായുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റവന്യൂ ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിക്കൽ</u>

1149 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ റവന്യൂ ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിച്ചു എന്നും വിശദാംശം എന്തെല്ലാമെന്നും അറിയിക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര റവന്യൂ പുറമ്പോക്ക് കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കൈയേറ്റങ്ങൾ ഈ സർക്കാർ ഒഴിപ്പിച്ചെടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കൽ</u>

1150 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കയ്യേറ്റ ഭൂമി തിരിച്ചു പിടിച്ചു എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>അരിപ്പ ഭൂസമരം</u>

1151 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ അരിപ്പ ഭൂസമരം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മേലിൽ പൊതുകുളം കയ്യേറ്റം</u>

1152 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ വില്ലേജിൽ സർവ്വേ നമ്പർ 122/18 കുറവൻകുഴിയിൽ ഉളള പൊതുകുളം വ്യാജരേഖ ചമച്ച് സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നൽകിയിട്ടുളള പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ടോ എന്നറിയിക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>നെൽവയൽ നികത്തുന്നതിന് അനുമതി</u>

1153 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ന് ശേഷം കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിന് അനുമതി ചോദിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് അനുമതി നൽകിയെന്നുള്ള വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അനധികൃത നെൽവയൽ നികത്തൽ</u>

1154 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ നികത്തൽ സംരക്ഷണ നിയമം ലംഘിച്ച് വയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി മണ്ണിട്ട് നികത്തുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറനാട് മണ്ഡലത്തിലെ ഇത്തരം അനധികൃത വയൽ നികത്തൽ തണ്ണീർത്തടം നികത്തൽ സംബന്ധിച്ച് ജില്ലാ റവന്യൂ അധികാരികൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്നും അവയുടെ വിശദാംശം എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെയും, കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

നെൽവയൽ നികത്തി മറ്റ് വിളകൾ കൃഷിചെയ്യുന്ന രീതി

1155 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വലിയതോതിൽ നെൽവയൽ നികത്തുകയോ, അവിടങ്ങളിൽ മറ്റ് വിളകൾ കൃഷിചെയ്യുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) നെൽവയൽ നികത്തുകയോ, പരിവർത്തനപ്പെടുത്തുകയോ ചെയ്തതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ 1.5.2011 മുതൽ 31.5.2013 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(സി) നെൽവയൽ ദീർഘകാലം തരിശിട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ഡി) നെൽവയൽ മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുന്ന സമയത്ത് അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ ആണ് റവന്യൂ വകുപ്പ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ഇ) പാലക്കാട് ജില്ലയിൽ 2006 ജൂലായ് 1 മുതൽ 31.3.2012 വരെ എത്ര വ്യക്തികൾക്ക് നിലം നികത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട് എന്ന് വില്ലേജടിസ്ഥാനത്തിൽ ഉളള കണക്ക് ലഭ്യമാക്കാമോ;

(എഫ്) പാലക്കാട് ജില്ലയിലെ പുതുക്കോട് വില്ലേജിൽ 2004 ജൂലായ് 1 മുതൽ 31.12.2012 വരെ എത്ര വ്യക്തികൾക്ക് നെൽവയൽ നികത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട് എന്നും ആർക്കെല്ലാം എന്നും വെളിപ്പെടുത്താമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഹാൽസിയൻ കൊട്ടാരവും ഭൂമിയും ഏറ്റെടുത്ത നടപടി

1156 ശ്രീ. വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. അച്ചുതമേനോൻ സർക്കാരിന്റെ കാലത്ത് ജി. ഒ.(എം. എസ്) 242/70/പി. ഡി. ഉത്തരവ് പ്രകാരം ഹാൽസിയൻ കൊട്ടാരവും ഭൂമിയും സർക്കാർ ഏറ്റെടുത്ത് നിക്ഷിപ്തമാക്കിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് ഏതെങ്കിലും സർക്കാർ/കോടതി ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) കോവളം കൊട്ടാരവും ഭൂമിയും 2000 മേയ് 23ന് ഗൾഫാർ മുഹമ്മദാലിക്ക് പതിച്ച് നൽകിയതിനെതിരെ നടന്ന വിജിലൻസ് അന്വേഷണത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥരെ കുറ്റക്കാരായി കണ്ടെത്തിയെന്നും ഈ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 2011 ഫെബ്രുവരിയിൽ ഈ ഭൂമി സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശം അനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കോവളം കൊട്ടാരം വക ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച്</u>

1157 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരംവക 16.48 ഏക്കർ ഭൂമി ശ്രീ. രവിപിളളയ്ക്ക് പതിച്ച് നൽകി പട്ടയവും പോക്കുവരവും നടത്തി രവിപിളളയുടെ തണ്ട പേരിലാക്കാൻ നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എന്നാണ് ഈ നിയമോപദേശം ലഭിച്ചതെന്നും വ്യക്തമാക്കാമോ.;

(ബി) പ്രസ്തുത ഉപദേശം നടപ്പിലാക്കുന്നത് സർക്കാരിനെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉപദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ലാന്റ് ബാങ്ക് പ്രവർത്തനം

1158 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയ ഭൂമിയുടെ വിസ്തൃതിക്കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ലാന്റ് ബാങ്കിൽ നിലവിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ഭാവിപരിപാടി എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സർവ്വേ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ</u>

1159 ശ്രീ. എം.പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമാണ്;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കേരള ലീഗൽ മെട്രോളജി റൂൾസ്</u>

1160 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലീഗൽ മെട്രോളജി റൂൾസ് നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമാണ്;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അളവു തൂക്ക ഉപകരണങ്ങളുടെ കൃത്യത</u>

1161 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യതയും ഉപഭോക്താവിന്റെ അവകാശവും സംരക്ഷിക്കുവാൻ ലീഗൽ മെട്രോളജി വകുപ്പു നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) അളവു-തൂക്കങ്ങൾ സംബന്ധിച്ച ഉപഭോക്താക്കളുടെ അവകാശങ്ങൾ ബോധവൽക്കരിക്കാൻ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് എന്നറിയിക്കുമോ;

(സി) പായ്ക്കറ്റുകളിലാക്കി സൂപ്പർമാർക്കറ്റുകളിൽ വിൽപ്പനക്കു വെച്ച സാധനങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾ അളവിൽ വഞ്ചിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി</u>

1162 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്ന കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കയർ ഗ്രാമം</u>

1163 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കയർതൊഴിലാളികളുടെ പുനരധിവാസം</u>

1164 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) കയർതൊഴിലാളികളുടെ പ്രതിദിന വേതനം 260 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കയർ തൊഴിലാളികളുടെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) കയർ ഉല്പന്ന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാര മാർഗ്ഗങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>തണ്ണീർമുക്കം പഞ്ചായത്തിലെ ചകിരി അലിമില്ലുകൾ</u>

1165 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല തണ്ണീർമുക്കം പഞ്ചായത്തിൽ ചകിരി അലിമില്ലുകൾ ഹൈക്കോടതി ഇടപെട്ട് പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചകിരി പിരിമേഖല ഇതുമൂലം സ്തംഭനാവസ്ഥ നേരിടുകയാണെന്നും ചകിരിപിരി തൊഴിലാളികൾ പട്ടിണിയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടുമോ എന്നും ഹൈക്കോടതി ഇടപെടൽമൂലം തൊഴിൽ ചെയ്യാനാവാത്ത ചകിരിപിരി തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും സൗജന്യറേഷനും നൽകാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ?